# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അഴീക്കോട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ എസ് എ /കെ എൻ ആർ/സി5-948/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 05/10/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അഴീക്കോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-14,1-15,1-17 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ /കെ എൻ ആർ/സി5-948/2021 തീയ്യതി: 05/10/2021

## കണ്ണൂർ ജില്ലയിലെ അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-07-2020 മുതൽ 04-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സാബു പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 12-08-2021 | 25-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-08-2021 | 25-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.രമണി കിഴക്കീൽ ,ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)
ശ്രീമതി.സുമതി.ടി.ഒ ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.നിഷ.കെ , സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ധന്യ.എം,ഓഡിറ്റർ
ശ്രീമതി. രമ്യ.ടി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.പ്രസന്ന.സി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.നാരായണൻകുട്ടി.എം.കെ | സെക്രട്ടറി | 01-04-2019 | 16-07-2019 |
| ശ്രീ.കെ.കെ.രാജലക്ഷ്മി | സെക്രട്ടറി | 17-07-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഷീബ.ടി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.പ്രശാന്ത് .വി | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.സിന്ധുകല.കെ.ആർ | മെഡിക്കൽഓഫീസർ സി എച്ച് സി | 01-04-2019 | 31-03-2020 |
| ഡോ.ജ്യാതി.കെ | മെഡിക്കൽഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീമതി.സുനുമോൾ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സീന.എ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 18-08-2019 |
| ശ്രീമതി.ശിൽപ.കെ.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 19-08-2019 | 31-03-2020 |
| ശ്രീമതി സരള ടി. | ഹെഡ് മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |
| ശ്രീമതി മിനി നാരായണൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2019 | 31-03-2020 |
| ശ്രീമതി കവിത കെ.കെ. | വി.ഇ.ഒ. (അഴീക്കോട് നോർത്ത്) | 01-04-2019 | 31-03-2020 |
| ശീമതി ബിന്ദു കെ.എം. | വി.ഇ.ഒ. (അഴീക്കോട് സൗത്ത്) | 01-04-2019 | 31-03-2020 |
| ശ്രീ. എം.പ്രദീപൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 17-07-2019 |
| ശ്രീ. ആഷ എം. കുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 18-07-2019 | 17-12-2019 |
| ശ്രീ. അജയകുമാർ ജി. | അസിസ്റ്റന്റ് | 18-12-2019 | 31-03-2020 |

| | | | |
|---|---|---|---|
| | സെക്രട്ടറി | | |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Remani Kizhakkeel (Audit Officer, On 21-08-2021)<br>Last Updated By: Remani Kizhakkeel (Audit Officer, On 26-08-2021) | 1-1 |
| 2 | ബജറ്റ്-ഫയൽ സൂക്ഷിക്കുന്നില്ല.<br>Written By: Remani Kizhakkeel (Audit Officer, On 21-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-10-2021) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Remani Kizhakkeel (Audit Officer, On 21-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-10-2021) | 1-2 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Remani Kizhakkeel (Audit Officer, On 21-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-10-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Remani Kizhakkeel (Audit Officer, On 21-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-10-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Remani Kizhakkeel (Audit Officer, On 21-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-10-2021) | 1-5 |
| 7 | തൊഴിലുറപ്പു പദ്ധതി<br>Written By: Remani Kizhakkeel (Audit Officer, On 21-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-10-2021) | 1-6 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sumathi.T.O (Auditor, On 26-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-10-2021) | 1-6-1 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Remani Kizhakkeel (Audit Officer, On 21-08-2021)<br>Last Updated By: Remani Kizhakkeel (Audit Officer, On 26-08-2021) | 1-7 |
| 10 | ക്യാഷ് ബാലൻസ് പരിശോധന സാക്ഷ്യപത്രം<br>Written By: Remya T (Auditor, On 22-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-10-2021) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Remani Kizhakkeel (Audit Officer, On 21-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-10-2021) | 1-9 |
| 12 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന തുക ഈടാക്കേണ്ടതാണ്.<br>Written By: Remya T (Auditor, On 25-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-10-2021) | 1-10 |
| 13 | വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകൽ-രേഖകളുടെ പരിശോധനയിൽ കണ്ട അപാകതകൾ<br>Written By: Remya T (Auditor, On 25-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-10-2021) | 1-11 |
| 14 | എസ് എൽ ഐ പ്രീമിയം നിശ്ചിത നിരക്കിൽ ഒടുക്കുന്നില്ല.<br>Written By: Nisha K (Senior Grade Auditor, On 25-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-10-2021) | 1-12 |
| 15 | ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല<br>Written By: Nisha K (Senior Grade Auditor, On 25-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-10-2021) | 1-13 |
| 16 | ലൈഫ് ഭവനനിർമ്മാണം - രേഖകൾ പൂർണ്ണമല്ല- ₹1200000 തടസ്സപ്പെടുത്തുന്നു<br>Written By: Dhanya M (Auditor, On 25-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-10-2021) | 1-14 |

| | | |
|---|---|---|
| 17 | ലൈഫ് ഭവനപദ്ധതി - രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല- ₹990000 തടസ്സപ്പെടുത്തുന്നു<br>Written By: Dhanya M (Auditor, On 25-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-10-2021) | 1-15 |
| 18 | കാർഷികയന്ത്രവൽക്കരണം- മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചില്ല<br>Written By: Dhanya M (Auditor, On 25-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-10-2021) | 1-16 |
| 19 | ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല , 1,17,165 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Sumathi.T.O (Auditor, On 26-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-10-2021) | 1-17 |
| 20 | സമ്പൂർണ്ണ കൊതുകുനിവാരണ പരിപാടി- പദ്ധതി അപാകങ്ങൾ<br>Written By: Dhanya M (Auditor, On 25-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-10-2021) | 1-18 |
| 21 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്ന് വിതരണം ചെയ്യുന്നതിലെ കാല താമസം<br>Written By: Nisha K (Senior Grade Auditor, On 25-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-10-2021) | 1-19 |
| 22 | അങ്കണവാടികൾക്ക് ന്യൂട്രിമിക്സ് - ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല.<br>Written By: Nisha K (Senior Grade Auditor, On 25-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-10-2021) | 1-20 |
| 23 | മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ് നൽകൽ -സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത<br>Written By: Sumathi.T.O (Auditor, On 26-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-10-2021) | 1-21 |
| | **ഭാഗം 2** | |
| 1 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന തുക ഈടാക്കേണ്ടതാണ്.<br>Written By: Remya T (Auditor, On 03-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-10-2021) | 2-1 |
| 2 | മോട്ടോർ റണ്ണിംഗ് ഫീസ് ഇനത്തിൽ 2000/-രൂപ ഈടാക്കേണ്ടതാണ്<br>Written By: Remya T (Auditor, On 25-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-10-2021) | 2-2 |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Remani Kizhakkeel (Audit Officer, On 22-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-10-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Remani Kizhakkeel (Audit Officer, On 22-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-10-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Remani Kizhakkeel (Audit Officer, On 22-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-10-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Remani Kizhakkeel (Audit Officer, On 22-08-2021)<br>Last Updated By: Remani Kizhakkeel (Audit Officer, On 26-08-2021) | 4-4 |

| | | |
|---|---|---|
| 5 | വായ്പവായ്പ /തിരിച്ചടവ്<br>Written By: Remani Kizhakkeel (Audit Officer, On 22-08-2021)<br>Last Updated By: Remani Kizhakkeel (Audit Officer, On 26-08-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Remani Kizhakkeel (Audit Officer, On 22-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Remani Kizhakkeel (Audit Officer, On 22-08-2021)<br>Last Updated By: Remani Kizhakkeel (Audit Officer, On 26-08-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിലെ വിവരങ്ങൾ<br>Written By: Remani Kizhakkeel (Audit Officer, On 22-08-2021)<br>Last Updated By: Remani Kizhakkeel (Audit Officer, On 22-08-2021) | 4-8 |
| 9 | ചാർജ്ജ് സർചാർജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം<br>Written By: Remani Kizhakkeel (Audit Officer, On 22-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Remani Kizhakkeel (Audit Officer, On 22-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-10-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Remani Kizhakkeel (Audit Officer, On 22-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-10-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് | |

## ഭാഗം -1

### 1-1 ബജറ്റ്

ബജറ്റ് 25-02-2019തീയതിയിലെ 63/19 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു.പുതുക്കിയ ബജറ്റ് 02-03-2020 തീയ്യതിയിലെ 45/2020 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| ബജറ്റ് | |
|---|---|
| മുന്നിരിപ്പ് | 53023072 |
| വരവ് | 224027450 |
| ആകെ | 277050522 |
| ചെലവ് | 218577450 |
| നീക്കിയിരിപ്പ് | 58473072 |

### 1-1-1 ബജറ്റ്-ഫയൽ സൂക്ഷിക്കുന്നില്ല.

1.02.2019 ലെ ധനകാര്യ സ്റ്റാൻറിംഗ് കമ്മറ്റി മീറ്റിംഗിൽ ബജറ്റ് നിർവ്വഹണവുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥർ, വർക്കിംഗ് ഗ്രൂപ്പുകൾ, വിവിധ സ്റ്റാൻറിംഗ് കമ്മറ്റികൾ എന്നിവ സമർപ്പിച്ച ശുപാർശകൾ കമ്മറ്റി പരിശോധിച്ച് അവ ബജറ്റിന് പരിഗണിക്കുന്നതിന് തീരുമാനിച്ചു എന്ന് മിനട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട് എങ്കിലും അവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. (16.02.2019 ലെ തീരുമാനം നമ്പർ 12 പ്രകാരം ബജറ്റ് ഭരണ സമിതിക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു) ബജറ്റ് ഡോക്യുമെൻറ്സ് ഫയലാക്കി സൂക്ഷിക്കുന്നില്ല. ജന്റർ ബജറ്റും പെർഫോമൻസ് ബജറ്റും തയ്യാറാക്കിയിട്ടില്ല .

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2020 | 30.06.2020 | തിരിച്ചയച്ചിട്ടില്ല |

വാർഷിക ധനകാര്യ പത്രിയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

വാർഷിക കണക്കിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.ദുരിതാശ്വാസനിധി ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും RP-40(B) പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും പൊരുത്തപ്പെടുന്നില്ല.

2. RP-31 പ്രകാരം ജോയിൻറ് വെഞ്ചർ പ്രോജക്റ്റിനായി ബ്ളോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച തുക 1756850 രൂപ എന്നാണ് കാണിച്ചിരിക്കുന്നത്. എന്നാൽ യഥാർത്ഥ വരവ് 1656850 രൂപ ആണ്. ലഡ്ജർ അക്കൗണ്ടിൽ ആശ്രയ ഫണ്ടിനത്തിൽ ലഭിച്ച 100000 രൂപ ഹെഡ് മാറി പോസ്റ്റ് ചെയ്തു.

3. B4 ഷെഡ്യൂൾ പ്രകാരമുള്ള ജോയിൻറ് വെഞ്ചർ അക്കൗണ്ട് നീക്കിയിരിപ്പ് തുകയും B-17 പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4.എൻ ആർ ഇ ജി എ -B-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും B-17 പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

5.തൊഴിൽ നികുതി കലക്ഷൻ തുക റജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

6.മണൽ വരവ് -വരവ് തുക റജിസ്റ്ററിലെ തുകയും വാർഷിക കണക്കിലെ തുകയും പൊരുത്തപ്പെടുന്നില്ല.

7.ഡപ്പോസിറ്റ് റജിസ്റ്റർ, അഡ്വാൻസ് റജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല.

8. B-18 പ്രകാരമുള്ള നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

9. ക്യൂ ബില്ലായ തുക ബാലൻസ് ഷീറ്റിൽ ലയബിയിറ്റിയായി കാണിച്ചിട്ടില്ല .

10. തൻവർഷത്തെ സ്ഥിരനിക്ഷേപമായ 4,11,807/- രൂപ ആർ.പി.41-ൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 78607239.55 |
| വരവ് | 193827344.00 |
| ആകെ | 272434583.55 |
| ചെലവ് | 171942681.00 |
| നീക്കിയിരിപ്പ് | 100491902.55 |
| വരവ് നഷ്ടം | 7160 രൂ. |
| ചെലവ് നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 23,07,165രൂ. |

1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ക്യൂ ബിൽ തുക | നീക്കി യിരിപ്പ്(ക്യൂ ബിൽഉൾപെടെ) |
|---|---|---|---|---|---|---|
| വികസന ഫണ്ട്-(ജനറൽ) | 0 | 22002000 | 22002000 | 15985935 | 2215857 | 6016065 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 6813000 | 6813000 | 1592976 | 864094 | 5220024 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 15265739 | 15265739 | 3679695 | 6061460 | 11586044 |
| മെയിന്റനൻസ്ഗ്രാന്റ്-റോഡ് | 0 | 7971900 | 7971900 | 3662004 | 4309896 | 4309896 |
| മെയിന്റനൻസ്ഗ്രാന്റ്-നോൺ റോഡ് | 0 | 6578000 | 6578000 | 3094400 | 180330 | 3483600 |
| ഐ സി ഡി എസ് സെൻട്രൽ ഷെയർ | 1299578 | 1046794 | 2346372 | 700000 | 0 | 1646372 |
| ടി എസ് സി ഫണ്ട് | 532140 | 0 | 532140 | 345000 | 0 | 187140 |
| ലൈബ്രറി ഗ്രാൻറ് | 8000 | 0 | 8000 | 0 | 0 | 8000 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടുണ്ട്. പഞ്ചായത്തിലെ രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങളാണ് ഖണ്ഡികയിൽ ചേർത്തിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | ശതമാനം |
|---|---|---|---|---|---|
| 218 | 132 | 1 | 86 | 131 | 60.09 |

നിർവ്വഹണ ഉദ്യോഗസ്ഥൻമാർ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | അടങ്കൽ | ചെലവ് തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1. | സെക്രട്ടറി | 15 | 13 | 4774888 | 2869408 | 60 |
| 2. | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 8 | 7 | 1450262 | 2081500 | 69.67 |
| 3. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 5 | 3 | 1673500 | 1600000 | 95.6 |
| 4. | വെറ്റിനറി സർജൻ | 15 | 14 | 4290110 | 3315322 | 77.27 |
| 5. | അസി.എഞ്ചിനീയർ | 107 | 51 | 56037833 | 17320870 | 30.9 |
| 6. | അഗ്രിക്കൾച്ചർ ഓഫീസർ | 14 | 13 | 7502228 | 4581291 | 61.06 |
| 7. | വി ഇ ഒ | 16 | 9 | 11772400 | 4275159 | 36.3 |
| 8. | ഐ സി ഡി എസ് സൂപ്പർവൈസർ | 12 | 8 | 8906200 | 6577574 | 73.85 |
| 9. | ഹെഡ് മാസ്റ്റർ (ജി എൽ പി സ്കൂൾ) | 10 | 4 | 1339449 | 245879 | 18 |
| 10. | അസി. സെക്രട്ടറി | 12 | 6 | 2798500 | 857338 | 30.63 |
| 11. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 4 | 4 | 548500 | 510921 | 93.1 |
| | ആകെ | 218 | 132 | 101725108 | 43604024 | 42.86 |

ആകെ അടങ്കലിന്റെ 42.86% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.അസി. എഞ്ചിനീയർ, മെഡിക്കൽ ഓഫീസർ സി എച്ച് സി,വി ഇ ഒ, ഹെഡ്മാസ്റ്റർ, അസിസ്റ്റൻറ് സെക്രട്ടറി എന്നിവരുടെ ചെലവ് ശതമാനം വളരെ കുറവാണ്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതും സാമ്പത്തിക വർഷാവസാനം ട്രഷറിയിൽ ബില്ലുകൾ സമർപ്പിക്കുന്നതും കാരണം വളരെയധികം തുക ക്യൂ ബില്ലാകുന്നതിനാലാണ് ചെലവ് ശതമാനം കുറയുന്നതെന്നും ഫണ്ട് ലാപ്സാകുവാൻ ഇടയായതെന്നും ഓഡിറ്റിൽ വിലയിരുത്തുന്നു.

ആസൂത്രണ സമിതി

2019-20 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 6-05-19 നം,2020-21 രൂപീകരണവുമായി ബന്ധപ്പെട്ട് 19-12-2020 നം ആസൂത്രണ സമിതി യോഗം ചേർന്നിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ്

പഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകളും 3 തവണ യോഗം ചേർന്നിട്ടുണ്ട് . യോഗ തീരുമാനങ്ങൾ മിനട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തീരുമാനത്തിനൊടുവിൽ ഒപ്പ് രേഖപ്പെടുത്താത്തതും ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

ഗ്രാമ സഭ

ആകെ 23 വാർഡുകളാണ് പഞ്ചായത്തിൽ ഉള്ളത്.7/19,11/19,2/2020 എന്നീ മാസങ്ങളിലാണ് ഗ്രാമ സഭ സമ്മേളിച്ചിട്ടുള്ളത്.2019-20 പദ്ധതി നിർവ്വഹണം ,എൻ ആർ ഇ ജി എസ് ,ഹരിതകേരളം പ്രവർത്തനങ്ങൾ,പകർച്ച വ്യാധി നിയന്ത്രണം,വ്യക്തിഗത ആനുകൂല്യങ്ങൾക്ക് ഗുണഭോക്താക്കളിൽ നിന്നും അപേക്ഷ സ്വീകരിക്കൽ,ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച് ഗ്രാമസഭയിൽ ചർച്ച ചെയ്തിട്ടുണ്ട്.

<u>മോണിറ്ററിംഗ്</u>

പദ്ധതി മാർഗ്ഗരേഖ പ്രകാരം പദ്ധതികൾ അംഗീകരിച്ചതിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ മോണിറ്റർ ചെയ്യണം. എന്നാൽ ഓഡിറ്റ് കാലയളവിൽ മോണിറ്ററിംഗ് കമ്മിറ്റികളുടെ പ്രവർത്തനം തൃപ്തികരമല്ല. പ്രൊജക്ടുകൾ അവയുടെ നിർവ്വഹണത്തിന്റെ ഓരോ ഘട്ടത്തിലും നിരന്തര മോണിറ്ററിംഗ് നടത്തേണ്ടതുണ്ടെങ്കിലും കമ്മിറ്റി പലപ്പോഴും യോഗം ചേർന്ന് പദ്ധതികളുടെ ജയ പരാജയങ്ങൾ വിലയിരുത്തലിന് വിധേയമാക്കിയിട്ടില്ല.ഏതാനും നിർവ്വഹണ ഉദ്യോഗസ്ഥർ മോണിറ്ററിംഗ് റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെങ്കിലും മോണിററിംഗ് കമ്മിററികൾ യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്താത്തത് നിർവ്വഹണത്തിൽ സംഭവിച്ചിട്ടുള്ള വീഴ്ചയായി കാണുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2618 | 591344 | 593962 | 332095 | 261867 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 7484147 | 7484147 | 7484147 | 0 |

## 1-6-1 തൊഴിലുറപ്പ് പദ്ധതി

പഞ്ചായത്ത് പരിധിയിൽ 2019-20 വർഷം 161 കുടുംബങ്ങൾ പുതുതായി രജിസ്റ്റർ ചെയ്ത് തൊഴിൽ കാർഡ് കൈപ്പറ്റിയിട്ടുണ്ട്. ആകെ 1623 കുടുംബങ്ങളാണ് രജിസ്റ്റർ ചെയ്ത് തൊഴിൽ കാർഡ് കൈപ്പറ്റിയിട്ടുള്ളത്. തൊഴിൽ ആവശ്യപ്പെട്ട 366 കുടുംബങ്ങളിൽ 103 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനം നൽകിയിട്ടുണ്ട്. ലേബർ ബജറ്റ് വാർഷിക പദ്ധതി പ്രകാരം 373 പ്രവൃത്തികൾ നിർദേശിച്ചിട്ടുണ്ടെങ്കിലും 152 എണ്ണം മാത്രമേ 2019-20 വർഷം നടപ്പിലാക്കിയിട്ടുള്ളു.

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 3801600 | 278 |
| തൊഴിൽരഹിത വേതനം | 15840 | 16 |
| വിധവാ പെൻഷൻ | 21278400 | 1458 |
| വാർധക്യകാല പെൻഷൻ | 59488300 | 4223 |
| വികലാംഗ പെൻഷൻ | 6737900 | 475 |
| അവിവാഹിത പെൻഷൻ | 6858000 | 483 |
| വിവാഹ ധനസഹായം | 300000 | 10 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന സാക്ഷ്യപത്രം

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.08.21 തീയതിയിൽ സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 37246/- (മുപ്പത്തി ഏഴായിരത്തി ഇരുന്നൂറ്റി നാല്പത്തി ആറു രൂപ ) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ ബുക്ക് എഴുതി സൂക്ഷിക്കുകയും ജീവനക്കാരുടെ ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. തൻവർഷം 10 തവണ സ്റ്റാഫ് മീറ്റിംഗ് വിളിച്ച ചേർത്തിട്ടുണ്ട്. ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ സ്റ്റാഫ് മീറ്റിംഗ് വിളിച്ച ചേർത്തിട്ടില്ല. ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കൽ, വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കൽ ഐ എസ് ഒ സർട്ടിഫിക്കേഷൻ, പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കൽ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് ജീവനക്കാർക്ക് നിർദേശം നൽകിയിട്ടുണ്ട്. പഞ്ചായത്തിലെ റജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. ടെണ്ടർ ഫോം സ്റ്റോക്ക് റജിസ്റ്റർ എഴുതി പൂർത്തിയാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ജോയിൻറ് വെഞ്ചർ പ്രോജക്ടിനുവേണ്ടി ലഭിച്ച തുകകളുടേയും ചെലവഴിച്ച തുകകളുടേയും വിശദാംശങ്ങൾ പരിശോധിക്കുവാനാവശ്യമായ റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. തനത് ഫണ്ട് വൗച്ചറുകൾ ക്രമത്തിൽ സൂക്ഷിച്ചിട്ടില്ല എന്നതും പോരായ്മയാണ്.

## 1-10 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന തുക ഈടാക്കേണ്ടതാണ്.

2019-20 തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ അഴീക്കോട് ഹയർസെക്കന്ററി (അൺ എയ്ഡഡ്) സ്കൂൾ ജീവനക്കാരിൽ നിന്നും 2019-20രണ്ടാം അർദ്ധവർഷം തൊഴിൽനികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ജീവനക്കാരന്റെ പേര് | അടിസ്ഥാന ശമ്പളം | അർദ്ധവാർഷിക വരുമാനം | ഈടാക്കിയതുക | ഈടാക്കേണ്ടുന്ന തുക | കുറവ് |
|---|---|---|---|---|---|
| പ്രഭാകരൻ.ടി | 27500 | 165000 | 1000 | 1250 | 250 |
| നിഷ.കെ | 18500 | 111000 | 600 | 1000 | 400 |
| ജിത.കെ | 11800 | 70800 | 450 | 600 | 150 |
| ശ്രീജ.കെ | 12500 | 75000 | 450 | 750 | 300 |
| സ്വപ്ന.വി | 12500 | 75000 | 450 | 750 | 300 |
| ജസ്ന.സി | 5500 | 33000 | 180 | 300 | 120 |
| ദീപ്തി നമ്പ്രോൻ | 18200 | 109200 | 180 | 1000 | 820 |
| രശ്മി ചന്ദ്രൻ | 18200 | 109200 | 450 | 1000 | 550 |
| ഹൃദ്യ.വി.വി | 11300 | 67800 | 450 | 600 | 150 |
| അഞ്ജന.കെ.ആർ | 6100 | 36600 | 180 | 300 | 120 |
| രഹ്ന.ടി.വി | 18200 | 109200 | 600 | 1000 | 400 |
| നന്ദന.നാരായണൻ | 10000 | 60000 | 300 | 600 | 300 |
| ലീബ.ബാലകൃഷ്ണൻ | 12500 | 75000 | 450 | 750 | 300 |
| മീന.പി.വി | 12100 | 72600 | 450 | 600 | 150 |
| ശ്രുതി.പവിത്രൻ | 18200 | 109200 | 600 | 1000 | 400 |
| ഉണ്ണികൃഷ്ണൻ.എം | 13500 | 81000 | 450 | 750 | 300 |
| ശ്രീല.സി | 8300 | 49800 | 300 | 450 | 150 |
| | | | 7540 | 12700 | 5160 |

തൊഴിൽനികുതി ഇനത്തിൽ കുറവ് വന്ന തുകയായ 5160/-രൂപ ഈടാക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.4 തീയതി 12.08.21) കുറവ് വന്ന തുക ഈടാക്കുന്നതിന് സ്ഥാപനമേധാവിക്ക് നോട്ടീസ് നൽകിയിട്ടുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിലെ ജീവനക്കാർ, മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് (നം.4 തീയതി 12.08.21) പ്രസ്തുത ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകൽ-രേഖകളുടെ പരിശോധനയിൽ കണ്ട അപാകതകൾ

1.വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി സൂക്ഷിക്കേണ്ടതും ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതുമാണ്.

2.റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല.

ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ഒന്നും തന്നെ ലൈസൻസ് എടുത്തതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13 തീയതി 16.08.21) നൽകിയ മറുപടിയിൽ റേഷൻ കടകൾക്ക് ലൈസൻസ് അനുവദിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. റേഷൻ കടകൾക്ക് ലൈസൻസ് അനുവദിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആ വിവരം അറിയിക്കേണ്ടതാണ്.

3.കെട്ടിടങ്ങളുടെ നമ്പറും ഉപയോഗക്രമവും പരിശോധിക്കാതെ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് അനുവദിച്ച-ചട്ടലംഘനം.

2019-20 സാമ്പത്തിക വർഷത്തിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളിൽ പ്രസ്തുത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി രേഖപ്പെടുത്തിയ കെട്ടിടങ്ങളെ സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചപ്പോൾ ചില കെട്ടിടങ്ങളുടെ ഉപയോഗക്രമം പാർപ്പിടാവശ്യമാണെന്ന കാണുന്നു.

| ക്രമനമ്പർ | അപേക്ഷ പ്രകാരമുള്ള കെട്ടിട നമ്പർ | ലൈസൻസ് അനുവദിച്ച സ്ഥാപനം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ തരം |
|---|---|---|---|
| 1 | 2/347 | ഫ്ലോർ മിൽ | പാർപ്പിടം |
| 2 | 20/12 | ഫ്ലോർ മിൽ | പാർപ്പിടം |

അതായത് പാർപ്പിടാവശ്യം എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളിൽ വ്യവസായ/വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ലൈസൻസ് അനുവദിക്കുമ്പോൾ നികുതി നിർണ്ണയിച്ചിട്ടുള്ള ഉപയോഗക്രമം പരിശോധിച്ച് ആവശ്യമായ വിനിയോഗമാറ്റം നടത്തി എഫ്.ടി.ഇ & ഒ എസ് ലൈസൻസ് അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

4. ഗ്രാമപഞ്ചായത്തിൽ 2019-20 കാലയളവിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുത്ത സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ചട്ടപ്രകാരമുള്ള മോട്ടോർ റണ്ണിങ് ഫീസ് (ഉപയോഗിക്കുന്ന മോട്ടോറിന്റെ പവർ-179.64 HP ഈടാക്കേണ്ട ഫീസ്-2000) ഈടാക്കിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഫീസ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

5. 2019-20കാലയളവിൽ എഫ് ടി ഇ & ഒ ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലൈസൻസ് അപേക്ഷ പ്രകാരം കൂടുതൽ കാണിച്ച ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കുന്നതിന് സ്ഥാപനമേധാവികൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | വാർഡ്/ കെട്ടിട നമ്പർ | സംരംഭം | ലൈസൻസ് അപേക്ഷ പ്രകാരം | തൊഴിൽ നികുതി രജിസ്റ്റർപ്രകാരം |
|---|---|---|---|---|---|

| | | | | ജീവനക്കാരുടെ എണ്ണം | നികുതി അടവാക്കിയ ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|
| 1 | ചന്ദ്രബോസ്.ജെ മാനേജിംഗ് ഡയറക്ടർ ,സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമറ്റഡ് | 1/392 | കപ്പൽ പൊളിക്കൽ,ബോട്ട് ഉരു നിർമ്മാണം | 55 | 15 |
| 2 | മാനേജർ ,മത്സ്യഫെഡ് നെറ്റ് ഫാക്ടറി | 1/397 | മത്സ്യബന്ധന വല നിർമ്മാണം | 116 | 60 |

ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ലഭ്യമാകേണ്ട തുക മുഴുവനായും ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി 1994 ലെ കേരള പഞ്ചായത്ത് ആക്ട് സെക്ഷൻ 205 (സി) പ്രകാരം തൊഴിലുടമയോട് ജോലി ചെയ്യുന്നവരുടെ പേര് അടങ്ങിയ ലിഖിതമായ ഒരു ലിസ്റ്റും അങ്ങനെയുള്ളവരുടെ ശമ്പളത്തെയോ വരുമാനത്തെയോ സംബന്ധിച്ച ലിസ്റ്റും സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകി വിവരങ്ങൾ ശേഖരിക്കേണ്ടതാണ്.

## 1-12 എസ് എൽ ഐ പ്രീമിയം നിശ്ചിത നിരക്കിൽ ഒടുക്കുന്നില്ല.

ജി ഒ (പി) നം.149/2016/ഫിൻ തീയതി 4.10.2016 പ്രകാരം 1.1.2017 പ്രാബല്യത്തിൽ ജീവനക്കാരുടെ പോളിസി നിരക്ക് പുതുക്കി നിശ്ചയിട്ടുണ്ട്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള ജീവനക്കാർ നിർദ്ദിഷ്ട നിരക്കിലും കുറവായായിട്ടാണ് എസ് എൽ ഐ പ്രീമിയം ഒടുക്കുന്നത്.

| ക്രമ നം | പേര്/തസ്തിക/ അടിസ്ഥാന ശമ്പളം | ഒടുക്കുന്ന മാസ വരിസംഖ്യ രൂപ | ഒടുക്കേണ്ടത് രൂപ |
|---|---|---|---|
| 1 | ശ്രീ. സന്തോഷ് തൊപ്പിയൻ, ജൂനിയർ സൂപ്രണ്ട് 38,500/-രൂപ | 150/- | 500/- |
| 2 | ശ്രീ ഷൈൻ ഒ വി, സീനിയർ ക്ലർക്ക് 27,800/-രൂപ | 225/- | 300/- |
| 3 | ശ്രീ വൽസൻ കെ പി, ലൈബ്രേറിയൻ 36,600/- രൂപ | 325/- | 500/- |

സർക്കാർ ഉത്തരവ് പ്രകാരമുള്ള പ്രീമിയം ഒടുക്കാത്തതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.1 തീയതി 10.8.2021-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

ഐ കെ എം വിഹിതം നൽകൽ എന്ന പദ്ധതിക്ക് (പ്രോജക്ട് നം.03/2019-20) വികസന ഫണ്ടിൽ നിന്ന് 1,09,943/- രൂപ നിർവഹണ ഉദ്യോഗസ്ഥയായ സെക്രട്ടറി പിൻവലിച്ച് (ബിൽ നം.8/2019-20 തീയതി 9.8.2019) ഐ കെ എം പ്രോജക്ട് ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.9, തീയതി 13.8.2021-ന് പ്രസ്തുത തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം ഐ കെ എം തയ്യാറാക്കി വരുന്നുണ്ടെന്നും ആയത് ഓഡിറ്റ് പൂർത്തിയാകുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണെന്നും ഐ കെ എം എ7955/2021 തീയതി

20.4.2021 നം.കത്ത് പ്രകാരം കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ അറിയിച്ചിട്ടുണ്ടെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-14 ലൈഫ് ഭവനനിർമ്മാണം - രേഖകൾ പൂർണ്ണമല്ല- ₹1200000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, അഴീക്കോട് നോർത്ത് |
| പ്രോജക്റ്റ് നമ്പർ | 135 |
| പ്രോജക്റ്റിന്റെ പേര് | ലൈഫ് ഭവനനിർമ്മാണം ജനറൽ |
| അടങ്കൽ<br>ആകെ | ₹4500000 വികസനഫണ്ട് പൊതുവിഭാഗം<br>₹300000 തനത് ഫണ്ട്<br>₹4800000 |
| ചെലവ് തുക<br>ബിൽ നം/തീയതി | ₹1200000<br>2/22.08.2019,40000<br>5/28.10.2019,160000<br>6/12.11.2019,160000<br>11/9.12.2019,40000<br>12/9.12.2019, 200000<br>15/25.12.2019,40000<br>19/17.01.2020,160000<br>24/25302.2020,100000<br>26/10.03.2020,100000<br>28/21.03.2020,200000 |

മേൽ പ്രോജക്റ്റിന്റെ ഭാഗമായി 3 ഗുണഭോക്താക്കൾക്കും ഭവനനിർമ്മാണത്തിനായി മുഴുവൻ തുകയും നൽകിയിട്ടുണ്ട് . പ്രോജക്റ്റുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1. സ.ഉ(ആർ.ടി) 3218/2018/തസ്വഭവ തീയതി 21.12.2018 പ്രകാരം ഭവനനിർമ്മാണത്തിനായി തുക അനുവദിക്കുന്നത് സ്റ്റേജ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയാണ്. എന്നാൽ ഇപ്രകാരമുള്ള റിപ്പോർട്ടിൽ മേൽ ഉത്തരവ് പ്രകാരമുള്ള പൂർത്തീകരണ ഘട്ടങ്ങൾ സംബന്ധിച്ച വിവരം രേഖപ്പെടുത്തിയിട്ടില്ല.

2.ഭവന നിർമ്മാണം പൂർത്തീകരിച്ചത് വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല. ഭവനം വാസയോഗ്യമായതിന് ശേഷമാണ് അവസാന ഗഡു അനുവദിക്കേണ്ടത്.

രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ ₹1200000 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-15 ലൈഫ് ഭവനപദ്ധതി - രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല- ₹990000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്റ്റ് നമ്പർ | 192 |
| പ്രോജക്റ്റിന്റെ പേര് | ലൈഫ് ഭവനപദ്ധതി(SO) |
| അടങ്കൽ | ₹1540000 വികസനഫണ്ട് പൊതുവിഭാഗം |
| ചെലവ് തുക<br>ബിൽ നം/തുക | ₹1390000<br>(വി ഇ ഒ അഴീക്കോട് നോർത്ത്)<br>1/22.08.2019,40000<br>3/25.09.2019,40000<br>4/25.09.2019,40000 |

| | |
|---|---|
| | 9/17.11.2020,40000<br>13/6.12.2020,40000<br>18/15.01.2020,100000<br>20/29.01.2020,100000<br>23/25.02.2020,60000<br>25/9.03.2020,50000<br>വി ഇ ഒ അഴീക്കോട് സൗത്ത്<br>01/01.05.2019,140000<br>03/29.06.2019,580000<br>4/29.06.2019, 160000 |

2018-19 വർഷ ലൈഫ് ഭവനപദ്ധതി പൂർത്തീകരിക്കുന്നതിനായുള്ളതാണ് മേൽ പ്രോജക്ട്. ഓഡിറ്റ് വർഷം 9 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ഇതിൽ 8 ഗുണഭോക്താക്കൾക്ക് മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. സ.ഉ(ആർ.ടി) 3218/2018/തസ്വഭവ തീയതി 21.12.2018 പ്രകാരം ഭവനനിർമ്മാണത്തിനായി തുക അനുവദിക്കുന്നത് സ്റ്റേജ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയാണ്. എന്നാൽ ഇപ്രകാരമുള്ള റിപ്പോർട്ടിൽ മേൽ ഉത്തരവ് പ്രകാരമുള്ള പൂർത്തീകരണ ഘട്ടങ്ങൾ സംബന്ധിച്ച വിവരം രേഖപ്പെടുത്തിയിട്ടില്ല.

2.മുഴവൻ തുക അനുവദിച്ച 8 ഗുണഭോക്താക്കളിൽ മൻസൂറ കെ പി എന്ന ഗുണഭോക്താവിന്റെ ഒഴികെ മറ്റ് ഗുണഭോക്താക്കളുടെ ഭവനം പൂർത്തീകരിച്ചത് വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല.

മേൽ അപാകം സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (20/24.08.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 7 ഗുണഭോക്താക്കൾക്ക് അനുവദിച്ച തുകയായ ₹990000 തടസ്സപ്പെടുത്തുന്നു. ഭവനങ്ങളുടെ പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതാണ്.

## 1-16 കാർഷികയന്ത്രവൽക്കരണം- മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ | 114 |
| പ്രോജക്ടിന്റെ പേര് | കാർഷികയന്ത്രവൽക്കരണം |
| അടങ്കൽ ആകെ | ₹92700 വികസനഫണ്ട് പൊതുവിഭാഗം<br>₹10500 മറ്റുള്ളവ<br>₹103200 |
| ചെലവ്/ബിൽ നം/തുക | ₹92700 11/19.12.2019<br>₹10500<br>(വൗച്ചർ നം./തുക: 119040107937/6.11.19 – 2500, 119040108183/14.11.19 - 8000)<br>₹103200 |

രണ്ട് വനിതാഗ്രൂപ്പുകൾക്കുമായി ഗാർഡൻ ടില്ലർ, മെതിയന്ത്രം എന്നിവ നൽകുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. പ്രോജക്ടിന്റെ ഭാഗമായി കേരള അഗ്രോഇൻഡസ്ട്രീസ് കോർപ്പറേഷൻ, കണ്ണൂരിൽ നിന്നും ₹79004/- ചെലവഴിച്ച് ടില്ലറും (ഇൻവോയിസ് നം/തീയതി KNR 51/2019-20) കേരള അഗ്രോഇൻഡസ്ട്രീസ് കോർപ്പറേഷൻ, കാസറഗോഡിൽ നിന്നും ₹25000 രൂപയ്ക്ക് മെതിയന്ത്രവും (ഇൻവോയിസ് നം/തീയതി C-159/19-20 ,2.11.2019) വാങ്ങിയിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.ഇൻവോയിസ് തുകയും(79004+25000=104004) ചെലവ് തുകയും (103200) പൊരുത്തപ്പെടുന്നില്ല.

2.സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം.22/2018/തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 6.1(8) പ്രകാരം തദ്ദേശഭരണസ്ഥാപനതലത്തിൽ കൃഷിഭവൻ ഉൾപ്പെടെയുള്ള പൊതുസംവിധാനത്തിൽ നിലവിലുള്ള ഉപകരണങ്ങൾ

അപര്യാപ്തമാണെന്നുള്ള കൃഷി ഓഫീസറുടെ റിപ്പേർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം ഉപകരണങ്ങൾ വാങ്ങേണ്ടത്. എന്നാൽ ഇപ്രകാരമുള്ള റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. യന്ത്രങ്ങൾ ശരിയായി സംരക്ഷിക്കുമെന്നും പൊതുകാർഷിക ആവശ്യത്തിനുമാത്രമേ ഉപയോഗിക്കു എന്നും സ്വകാര്യവ്യക്തികൾ ഈടാക്കുന്നതിനേക്കാൾ കുറഞ്ഞത് 20% കുറഞ്ഞ വാടകനിരക്കിൽ കർഷകർക്ക് ലഭ്യമാക്കാം എന്നും ഗ്രൂപ്പുകൾ കരാർ ചമക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള കരാർ ചമച്ചിട്ടില്ല. (ഉടമ്പടികൾ രേഖപ്പെടുത്താതെയുള്ള മുദ്രപേപ്പർ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.)

3.പ്രോജക്ട് മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (16/17.08.2021) ഗ്രാമസഭാതീരുമാനം അനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട രണ്ട് ഗ്രൂപ്പുകൾക്കാണ് യന്ത്രങ്ങൾ അനുവദിച്ചതെന്നും നിലവിലുള്ള കാർഷിക ഉപകരണങ്ങൾ അപര്യാപ്തമായതിനാലാണ് മേൽ പ്രോജക്ട് തയ്യാറാക്കിയതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ യന്ത്രങ്ങൾ കൈമാറിയ വനിതാഗ്രൂപ്പുമായി കരാർ ചമച്ച് ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

പ്രോജക്ട് നിർവ്വഹണസമയത്ത് പാലിക്കേണ്ട നിർദ്ദേശങ്ങൾ പാലിക്കാതെ പിന്നീട് പരിഹരിക്കുന്നത് ശരിയായ നടപടി അല്ല. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-17 ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല., 1,17,165 രൂപ തടസ്സപ്പെടുത്തുന്നു

ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടിന്റെ ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| പ്രോജക്ടിന്റെ പേര് / നമ്പർ | അടങ്കൽ | ചെലവ് തുക |
|---|---|---|
| മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ ( SO 93/19-20) | 118500 രൂപ (വി.ഫ ജനറൽ) | 1,17,165 /-(03/19-20 തീ. 17-03-2020) |

മേൽ കൊടുത്ത ചെലവ് രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്

( നം.14/16-08-2021) നൽകിയ മറുപടിയിൽ 2018-19 വർഷത്തെ ഓഡിറ്റ് സമയത്ത് ഹാജരാക്കിയിരുന്നു എന്നാണ് അറിയിച്ചത്. പ്രസ്തുത മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയതിനാൽ ചെലവ് തുക 117165/- രൂപ തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-18 സമ്പൂർണ്ണ കൊതുകുനിവാരണ പരിപാടി- പദ്ധതി അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ- സി.എച്ച്.സി |
| പ്രോജക്ട് നമ്പർ | 266/20 |
| പ്രോജക്ടിന്റെ പേര് | സമ്പൂർണ്ണ കൊതുകുനിവാരണ പരിപാടി |
| അടങ്കൽ | ₹300000 തനത് ഫണ്ട് |
| ചെലവ് | ₹115472<br>(ചെക്ക് നം./തുക: 5953523 – ₹ 85440, 5953536 – ₹ 19857, 5953539 – ₹10175) |

മേൽ പ്രോജക്ടിന്റെ ഭാഗമായി വിവിധതരം ബോധവൽക്കരണ ബോർഡുകൾ നിർമ്മിച്ചിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾചുവടെ ചേർക്കുന്നു.

| ബോർഡ് | എണ്ണം | തുക |
|---|---|---|
| പൊതുജനങ്ങൾക്കുള്ള ബോധവൽക്കരണ ബോർഡ്(5*4 Sq.Ft) | 5 | 29000 |
| അതിഥി തൊഴിലാളികൾക്കുള്ള ബോധവൽക്കരണ ബോർഡ്(4*3 Sq.Ft) | 6 | 24240 |

| | | |
|---|---|---|
| പൊതുസ്ഥലത്ത് IEC ബോർഡ്(3*2 Sq.Ft) | 10 | 22000 |
| അതിഥി തൊഴിലാളികൾ താമസിക്കുന്ന റൂമിലെ ബോർഡ് | 80 | 5200 |
| ആകെ | | 80440 |

ബോർഡുകൾ നിർമ്മിക്കുന്നതിനായി കൊട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ പ്രവീൺ ആർട്സ് എന്ന സ്ഥാപനത്തിനാണ് കൊട്ടേഷൻ നൽകിയത്.

പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1.കൊട്ടേഷൻ അംഗീകരിച്ച പ്രൊക്യൂർമെന്റ് കമ്മറ്റി തീരുമാനം, ഭരണസമിതി അംഗീകാരത്തിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല

2. ബോർഡുകൾ സ്ഥാപിച്ചതിന്റെ വിവരങ്ങൾ , മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (5/11.08.2021) മറുപടിയായി ഭരണസമിതി അംഗീകാരം വാങ്ങിയിട്ടില്ലെന്നും ബോർഡുകൾ സ്ഥാപിച്ചത് മോണിറ്റർ ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ബോർഡുകൾ സ്ഥാപിച്ചതിന്റെ കൃത്യമായ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-19 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്ന് വിതരണം ചെയ്യുന്നതിലെ കാലതാമസം

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| പ്രോജക്ടിന്റെ പേര് | അഴീക്കോട് ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നം | 98/2019-20 |
| അടങ്കൽ | 5,00,000/- |
| ചെലവ് | 5,00,000/- |
| ബിൽ നം. & തീയതി | 2/2019-20, 19.11.2019 |

അഴീക്കോട് ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി ഹോംകോ എന്ന സ്ഥാപനത്തിന് 5,00,000 /- രൂപ മുൻകൂറായി മേൽ ബിൽ പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനവുമായി കരാറിലേർപ്പെടാത്തതു കാരണം ചുവടെ ചേർത്ത പ്രകാരമാണ് ഹോംകോ മരുന്ന് ലഭ്യമാക്കിയത്.

ഇൻവോയിസ് നം. LF.220 Dt.2.6.2020 – 2,56,820/- രൂപ

„ LF.1694 Dt.21.11.2020 - 1,09,722/- രൂപ

„ LF.2075 Dt.11.1.2021 - 1,33,466/- രൂപ

തുക കൈമാറി ഒരു വർഷവും രണ്ട് മാസവും കഴിഞ്ഞ ശേഷമാണ് ആവശ്യപ്പെട്ട മരുന്നുകൾ പൂർണ്ണമായും വിതരണം ചെയ്തത്. 1,33,466/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുവാൻ ബാക്കി നിൽക്കുമ്പോൾ 2020-21 വർഷത്തെ മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം 5,00,000/- രൂപ ( ബിൽ നം. 2/2020-21 തീയതി 16.12.2020) ഇതേ സ്ഥാപനത്തിന് വീണ്ടും നൽകിയിട്ടുണ്ട്. മരുന്നിന്റെ വില മുൻകൂറായി നൽകുമ്പോൾ സ്ഥാപനവുമയി കരാറിൽ ഏർപ്പെടാതിരുന്നതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 3/2019-20 ന് തുക മുൻകൂർ നൽകുമ്പോൾ കരാറിൽ ഏർപ്പെടണമെന്ന് അറിയില്ലായിരുന്നവെന്നും മേലിൽ മുൻകൂർ നൽകുമ്പോൾ കരാറിൽ ഏർപ്പെടാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

തുക മുൻകൂർ നൽകുമ്പോൾ കരാറിൽ ഏർപ്പെടേണ്ടതും കരാറിലെ വ്യവസ്ഥകൾ പ്രകാരം മരുന്ന് ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-20 അങ്കണവാടികൾക്ക് ന്യൂട്രിമിക്സ് - ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ 45 അങ്കണവാടി സെന്ററുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം ദയാ

സ്വയം സഹായ സംഘം , പി ഒ അലവിൽ, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങുന്നത്. 2019-20 സാമ്പത്തിക വർഷത്തിൽ 14,441 Kg ന്യൂട്രിമിക്സ് വാങ്ങിയതിന് 10,10,913/- മേൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സാമൂഹ്യ ക്ഷേമ വകുപ്പ് ഡയറക്ടറുടെ 1.2.2010, 5.6.2010 തീയതികളിലെ ICDSB.3-312/2010 നമ്പർ കത്ത് പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സ്ഥാപനത്തിൽ നിർമ്മിക്കുന്ന ന്യൂട്രിമിക്സിന്റെ സാമ്പിൾ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറി നം.11 തീയതി 15.8.2021-ന് ദയാ സ്വയം സഹായ സംഘം സെക്രട്ടറിയോട് ന്യൂട്രിമിക്സിന്റെ ഗുണനിലവാര പരിശോധനാ റിപ്പോർട്ട് ഹാജരാക്കുവാൻ നിരവധി തവണ ഐസിഡിഎസ് സൂപ്പർവൈസർ ആവശ്യപ്പെട്ടെങ്കിലും നാളിതുവരെ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ലെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

കുട്ടികൾക്ക് നൽകുന്ന ഭക്ഷ്യമിശ്രിതമായതിനാൽ അതിന്റെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടത് ഐസിഡിഎസ് സൂപ്പർവൈസറുടെ ഉത്തരവാദിത്വമാണ്. ന്യൂട്രിമിക്സിന്റെ സാമ്പിൾ പരിശോധനയ്ക്ക് വിധേയമാക്കാൻ അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-21 മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ് നൽകൽ -സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത

നിർവ്വഹണം : സബ് ഇൻസ്പെക്ടർ ,ഫിഷറീസ്

പ്രോജക്ട് നം. / പേര് : 93/19-20 മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ് നൽകൽ

അടങ്കൽ : 1240000 വികസന ഫണ്ട് (ജനറൽ)

ചെലവ് : 221776 ( ബിൽ നം. തീയ്യതി 03/20-21 തീ. 17-03-2020)

ലാപ് ടോപ് മീഡിയം എൻഡ് - വിൻഡോസ് 10 ഹോം ലാപ് ടോപ് കേരള സ്റ്റേറ്റ് ഐ ടി മിഷനിൽ നിന്നും വാങ്ങി 8 വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾക്ക് വ്യക്തതയില്ല.

1.രജിസ്റ്ററിൽ ലാപ് ടോപ്പിന്റെ മോഡൽ , സീരിയൽ നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

2.രജിസ്റ്ററിൽ ഗുണഭോക്താക്കളുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

3.വിദ്യാർത്ഥികളുടെ ഒപ്പ് രേഖപ്പെടുത്താത്ത കൈപ്പറ്റ് രശീതി മാത്രമാണ് ഫയലിലുള്ളത്.

മേൽ കൊടുത്ത അപാകതകൾക്ക് മറുപടി/രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/16-08-2021 ) സ്റ്റോക്ക് രജിസ്റ്ററിൽ ലാപ് ടോപ്പിന്റെ മോഡൽ, സീരിയൽ നമ്പർ എന്നിവ ചേർത്തിട്ടുണ്ടെന്നും കൈപ്പറ്റ് രശീതിയിൽ വിദ്യാർത്ഥികളുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട് . എന്നാൽ രേഖകൾ ഹാജരാക്കിയിട്ടില്ല. ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

# ഭാഗം -2

## 2-1 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന തുക ഈടാക്കേണ്ടതാണ്.

2019-20 തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ അഴീക്കോട് ഹയർസെക്കന്ററി (അൺ എയ്ഡഡ്)സ്കൂൾ ജീവനക്കാരിൽ നിന്നും 2019-20രണ്ടാം അർദ്ധവർഷം തൊഴിൽനികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ജീവനക്കാരന്റെ പേര് | അടിസ്ഥാന ശമ്പളം | അർദ്ധവാർഷിക വരുമാനം | ഈടാക്കിയതുക | ഈടാക്കേണ്ടുന്ന തുക | കുറവ് |
|---|---|---|---|---|---|
| പ്രഭാകരൻ.ടി | 27500 | 165000 | 1000 | 1250 | 250 |
| നിഷ.കെ | 18500 | 111000 | 600 | 1000 | 400 |
| ജിത.കെ | 11800 | 70800 | 450 | 600 | 150 |
| ശ്രീജ.കെ | 12500 | 75000 | 450 | 750 | 300 |
| സ്വപ്ന.വി | 12500 | 75000 | 450 | 750 | 300 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ജസ്ന.സി | 5500 | 33000 | 180 | 300 | 120 |
| ദീപ്തി നമ്പ്രോൻ | 18200 | 109200 | 180 | 1000 | 820 |
| രശ്മി ചന്ദ്രൻ | 18200 | 109200 | 450 | 1000 | 550 |
| ഹൃദ്യ.വി.വി | 11300 | 67800 | 450 | 600 | 150 |
| അഞ്ജന.കെ.ആർ | 6100 | 36600 | 180 | 300 | 120 |
| രഹന.ടി.വി | 18200 | 109200 | 600 | 1000 | 400 |
| നന്ദന.നാരായണൻ | 10000 | 60000 | 300 | 600 | 300 |
| ലീബ.ബാലകൃഷ്ണൻ | 12500 | 75000 | 450 | 750 | 300 |
| മീന.പി.വി | 12100 | 72600 | 450 | 600 | 150 |
| ശ്രുതി.പവിത്രൻ | 18200 | 109200 | 600 | 1000 | 400 |
| ഉണ്ണികൃഷ്ണൻ.എം | 13500 | 81000 | 450 | 750 | 300 |
| ശ്രീല.സി | 8300 | 49800 | 300 | 450 | 150 |
| | | | 7540 | 12700 | 5160 |

തൊഴിൽനികുതി ഇനത്തിൽ കുറവ് വന്ന തുകയായ 5160/-രൂപ ഈടാക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4 തീയതി 12.08.21) കുറവ് വന്ന തുക ഈടാക്കുന്നതിന് സ്ഥാപനമേധാവിക്ക് നോട്ടീസ് നൽകിയിട്ടുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 മോട്ടോർ റണ്ണിംഗ് ഫീസ് ഇനത്തിൽ 2000/-രൂപ ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ 2019-20 കാലയളവിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുത്ത സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ചട്ടപ്രകാരമുള്ള മോട്ടോർ റണ്ണിങ് ഫീസ്(ഉപയോഗിക്കുന്ന മോട്ടോറിന്റെ പവർ-179.64 HP ഈടാക്കേണ്ട ഫീസ്-2000) ഈടാക്കിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഫീസ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 13-08-21, 14-08-21 | നം.കെ.എസ്.എ/കെ.എൻ.ആർ./ സി.5/948/21 തീയതി 05.10.2021 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിൻറെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, കണ്ണൂർ | 425000 | നെൽകൃഷി വികസന പദ്ധതി | 425000 | 0 |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 124200 | സാന്ത്വനചികിത്സ പദ്ധതി | 122640 | 1560 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 500000 | അങ്കണവാടികൾക്ക് പോഷകാഹാരപരിപാടി | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 507650 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവര്‍ക്കുള്ള സ്കോളർഷിപ്പ് | 497825 | 9825 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | അഗതി ആശ്രയ വീട് വാസയോഗ്യമാക്കൽ | 0 | 100000 |
| ബ്ലോക്ക് പഞ്ചായത്ത് | 53007 | ചെമ്മരശ്ശേരിപ്പാറ കുളം നവീകരണം | 0 | 53007 |
| ബ്ലോക്ക് പഞ്ചായത്ത് | 650000 | വൻകുളം നവീകരണം | | 650000 |
| | 2459857 | | 1645465 | 814392 |
| ജില്ലാ പഞ്ചായത്ത്, കണ്ണൂർ | 124200 | സാന്ത്വനചികിത്സ പദ്ധതി | 58850 | 65350 |
| ജില്ലാ പഞ്ചായത്ത് | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 49638 | 50362 |
| ജില്ലാ പഞ്ചായത്ത് | 425000 | വനിതാഗ്രൂപ്പ് പച്ചക്കറി കൃഷി | 0 | 425000 |
| ജില്ലാ പഞ്ചായത്ത് | 507650 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവര്‍ക്കുള്ള സ്കോളർഷിപ്പ് | 497825 | 9825 |
| ജില്ലാ പഞ്ചായത്ത് | 200000 | അഗതി ആശ്രയ വീട് വാസയോഗ്യമാക്കൽ | 0 | 200000 |
| ജില്ലാ പഞ്ചായത്ത് | 30000 | ഒന്നാം ക്ലാസ് ഒന്നാം തരം കമ്പ്യൂട്ടറും അനുബന്ധഉപകരണങ്ങളും വാങ്ങൽ | 29279 | 721 |
| | 1386850 | | 635592 | 751258 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | വിനിയോഗസാക്ഷ്യപത്ര പ്രകാരം ചെലവായ തുക | ബാക്കിയുള്ള തുക |
|---|---|---|---|
| ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 139562 | 139562 | 0 |
| ഇലക്ട്രിക് പോസ്റ്റ് മാറ്റിൽ | 40079 | 40079 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2019-20 വർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പവായ്പ /തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 74,44,496 |
| തൻവർഷം നിക്ഷേപിച്ച തുക | 2500000+<br>411807<br>---------<br>2911807 +<br>189212(പലിശ) |
| ആകെ | 1,05,45,515 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10545515 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

<u>നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.</u>

| ക്രമ നം. | ബാങ്ക് | നിക്ഷേപിച്ച തുക | നിക്ഷേപിച്ച തീയതി | കാലാവധി |
|---|---|---|---|---|
| 1 | കണ്ണൂർ ജില്ലാ ഹോസ്പിറ്റൽ കോ-ഓപ്.സൊസൈറ്റി ഷെയർ | 5,000 | ലഭ്യമല്ല | -- |
| 2 | മലബാർ ടൂറിസം, പറശ്ശിനിക്കടവ് ഷെയർ | 20,000 | ലഭ്യമല്ല | -- |
| 3 | ജില്ലാ സഹകരണ ബാങ്ക്, അഴീക്കോട് | 544569 | 03.10.2019 | 1 വർഷം |
| 4 | അഴീക്കോട് സർവീസ് സഹകരണ ബാങ്ക് | 2466307 | 04.12.2019 | ,, |
| 5 | ജില്ലാ സഹകരണ ബാങ്ക്, അഴീക്കോട് | 11,78,584 | 04.12.2019 | ,, |
| 6 | ജില്ലാ സഹകരണ ബാങ്ക്, അഴീക്കോട് | 6,15,893 | 04.12.2019 | ,, |
| 7 | ജില്ലാ സഹകരണ ബാങ്ക്, അഴീക്കോട് | 1080000 | 03.10.2019 | ,, |
| 8 | K G B അഴീക്കോട് | 17,23,355 | 29.09.2019 | ,, |
| 9 | കണ്ണൂർ ജില്ലാ കോ-ഓപ്പറേറ്റീവ് ബേങ്ക്(സ്ഥിര നിക്ഷേപം) | 25,00,000 | 10-03-2020 | " |
| 10 | കണ്ണൂർ ജില്ലാ കോ-ഓപ്പറേറ്റീവ് ബേങ്ക്(സ്ഥിര നിക്ഷേപം) | 4,11,807 | 30-06-19 | " |
| | ആകെ | 10545515 | | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിലെ വിവരങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2001-02 | 2003-04 | 4 | പൊയ്യംകടവ് സ്രാമ്പി റോഡ് പരിഷ്കരണം | നിലനിൽക്കുന്നു |
| 2001-02 | 2003-04 | 11 | മത്സ്യത്തൊഴിലാളി ഇന്ധന സബ്സിഡി | നിലനിൽക്കുന്നു |

## 4-9 ചാർജ്ജ് സർചാർജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 193827344 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 171942681 |
| വരവിനങ്ങളിലുള്ള നഷ്ടം | 7160 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2307165 |

(ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1-10 (2-1) | 5160 | | കെ.കെ.രാജലക്ഷ്മി |
| 1-11(4) (2-2) | 2000 | | " |
| ആകെ | 7160 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 12,00,000 | ശ്രീമതി. കവിത.കെ.കെ ,വി ഇ ഒ |
| 1-15 | 9,90,000 | 1.ശ്രീമതി. കവിത.കെ.കെ,വി ഇ ഒ<br>2.ശ്രീമതി.ബിന്ദു.കെ.എം,വി ഇ ഒ |
| | | |

| | | |
|---|---|---|
| 1-17 | 1,17,165 | ശ്രീമതി.മിനി.നാരായണൻ(ഫിഷറീസ് സബ് ഇൻസ്പെക്ടർ) |
| ആകെ | 23,07,165 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. കവിത.കെ.കെ വി ഇ ഒ | വി ഇ ഒ,അഴീക്കോട് ഗ്രാമ പഞ്ചായത്ത് | കനകാലയം ,പുതിയതെരു |
| ശ്രീമതി മിനി നാരായണൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ, മാട്ടൂൽ ഗ്രാമപഞ്ചായത്ത് | നെല്ലിയോട്, ബക്കളം |
| ശ്രീമതി കെ.കെ. രാജലക്ഷ്മി | സെക്രട്ടറി, അഴീക്കോട് ഗ്രാമപഞ്ചായത്ത് | നന്ദനം, നിയർ അഷാ കമ്പനി, അഴീക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19 തീ.14.06.2019 | 3 |
| 2001-02 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19 തീ.14.06.2019 | 2 |
| 2002-03 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19 തീ.14.06.2019 | 6 |
| 2003-04 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19 തീ.14.06.2019 | 7 |
| 2004-05 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19 തീ.14.06.2019 | 9 |
| 2005-06 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19 തീ.14.06.2019 | 8 |
| 2006-07 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19 തീ.14.06.2019 | 5 |
| 2007-08 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19 തീ.14.06.2019 | 8 |
| 2008-09 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19 തീ.14.06.2019 | 4 |
| 2009-10 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19 തീ.14.06.2019 | 7 |

| | | |
|---|---|---|
| 2010-11<br>2011-12 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19<br>തീ.14.06.2019 | 16 |
| 2012-13 | കെ.എസ്.എ.കെ.എൻ.ആർ.സി5/ | 16 |
| 2013-14<br>2014-15 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19<br>തീ.14.06.2019 | 18 |
| 2015-16 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19<br>തീ.14.06.2019 | 7 |
| 2016-17 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19<br>തീ.14.06.2019 | 4 |
| 2017-18 | കെ.എസ്.എ.കെ.എൻ.ആർ.സി5/833/2020<br>തീ.30.03.2019 | 2 |
| 2018-19 | നം. കെ.എസ്.എ./കെ.എൻ.ആർ./<br>സി.5/833/2020 തീ. 16.11.2020 | 13 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Azheekode Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 78403128.55 |
| Cash | Cash | RP-40(a) | 204111.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2049060.00 |
| 130000000 | Rental income from Panchayat Properties | RP-3 | 1750.00 |
| 140000000 | Fees & User Charges | RP-4 | 2349843.00 |
| 150000000 | Sale & Hire Charges | RP-5 | 16122974.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 50336052.00 |
| 171000000 | Interest Earned | RP-9 | 2046626.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6124895.00 |
| 340000000 | Deposits Received | RP-34 | 8000.00 |
| 350000000 | Other Liabilities | RP-36 | 107154313.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 7052.00 |
| 311000000 | Earmarked Funds | RP-29 | 4091.00 |
| 340000000 | Deposits Received | RP-34 | 37672.00 |
| 350000000 | Other Liabilities | RP-36 | 409638.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 6932358.00 |
| 460000000 | Loans, Advances and Deposits | RP-47 | 243020.00 |
| | Grand total | | 272434583.55 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4114825.00 |
| 220000000 | Administrative Expenses | RP-12 | 1200135.00 |
| 230000000 | Operations & Maintenance | RP-13 | 2450026.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 7384381.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 14275097.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2735164.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1151324.00 |
| | | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 447840.00 |
| | | | |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | RP-20 | 4072789.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 25000.00 |
| 280000000 | Prior Period item | RP-26 | -246866.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 449696.00 |
| 340000000 | Deposits Received | RP-34 | 8000.00 |
| 350000000 | Other Liabilities | RP-36 | 114968369.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 12529.00 |
| 350000000 | Other Liabilities | RP-36 | 2852769.00 |
| 410000000 | Fixed Assets | RP-38 | 7713871.00 |
| 412000000 | Capital work in Progress | RP-40 | 4018744.00 |
| 420000000 | Investments | RP-41 | 2500000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1808988.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 100491902.55 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 272434583.55 |

| Azheekode Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 9203343.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 516874.00 |
| 140000000 | Fee & User Charges | I-4(b) | 2819243.00 |
| 150000000 | Sale & Hire Charges | I-5(b) | 16122974.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 161608997.00 |
| 170000000 | Income from Investments | I-7 | 598090.00 |
| 171000000 | Interest Earned | I-8 | 2046626.00 |
| 180000000 | Other Income | I-9 | 7052.00 |
| | Total Income | | 192923199.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 12684268.00 |
| 220000000 | Administrative Expenses | I-11(b) | 1255135.00 |
| 230000000 | Operations & Maintenance | I-12(b) | 2455026.00 |
| 240000000 | Interest & Finance Charges | I-13 | 12529.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7965631.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 20770368.00 |
| 252000000 | Decentralised Plan Programme-Infrastructure | I-14(b) | 5776256.00 |

| | | | |
|---|---|---|---|
| | Sector | | |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1151324.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 98612040.00 |
| 255000000 | Maintenance Projects | I-14(e) | 4072789.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 25000.00 |
| 272000000 | Depreciation | I-17(a) | 12762552.00 |
| | Total Expenditure | | 167542918.00 |
| | Gross Surplus/ Deficit of income over Expenditure | | 25380281.00 |
| 280000000 | Prior Period Item | I-18 | -231935.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 25612216.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| Azheekode Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 94379991.72 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 91761.00 |
| 312000000 | Reserves | B-3 | 81241368.00 |
| | Total Reserve & Surplus | | 175713120.72 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5659776.01 |
| | Total Grants, Contributions for Specific Purposes | | 5659776.01 |
| | Loans | | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 3016917.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 6835887.82 |
| | Total Current Liabilities and Provisions | | 9852804.82 |
| | TOTAL LIABILITIES | | 191225701.55 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 138820275.00 |
| 411000000 | Accumulated Depreciation | B-11 | -60862275.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 77958000.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 10545515.00 |

| | | | |
|---|---|---|---|
| | Total Investments | | 10545515.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 649948.00 |
| 450000000 | Cash and Bank Balance | B-17 | 100491902.55 |
| 460000000 | Loans, Advances and Deposits | B-18 | 1580336.00 |
| | Total Current Assets, Loans and Advances | | 102722186.55 |

| | |
|---|---|
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 191225701.55 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.